# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂൺ 11

# വാർത്താക്കുറിപ്പ്

## ബി.എഡ്. പരീക്ഷകൾ മാറ്റി

ജൂൺ 19 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ ബി.എഡ്. (ദ്വിവത്സര ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2018 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ മുതൽ സപ്ലിമെന്ററി) പരീക്ഷകൾ മാറ്റി. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ./39/1047/2019)

## പരീക്ഷ തീയതി

നാലാം സെമസ്റ്റർ എം.പി.എഡ്. (2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷകൾ ജൂൺ 25ന് ആരംഭിക്കും. പിഴയില്ലാതെ ജൂൺ 14 വരെയും 500 രൂപ പിഴയോടെ 15 വരെയും 1000 രൂപ സൂപ്പർഫൈനോടെ 17 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. റഗുലർ വിദ്യാർഥികൾ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീസായി 125 രൂപ അടയ്ക്കണം.

(പി.ആർ.ഒ./39/1048/2019)

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. (ത്രിവത്സരം-2018 അഡ്മിഷൻ റഗുലർ), ഒന്നാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം-2012-2017 അഡ്മിഷൻ സപ്ലിമെന്ററി/2011 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്/2011ന് മുമ്പുള്ള അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്), അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം - 2007-2010 അഡ്മിഷൻ സപ്ലിമെന്ററി, 2006 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്/2006ന് മുമ്പുള്ള അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ് - കോമൺ) പരീക്ഷകൾ ജൂൺ 28ന് ആരംഭിക്കും. പിഴയില്ലാതെ ജൂൺ 14 വരെയും 500 രൂപ പിഴയോടെ 17 വരെയും 1000 രൂപ സൂപ്പർഫൈനോടെ 18 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. ആദ്യ മേഴ്സി ചാൻസ് പരീക്ഷയെഴുതുന്നവർ 5000 രൂപയും രണ്ടാം മേഴ്സി ചാൻസ് പരീക്ഷയെഴുതുന്നവർ 7000 രൂപയും സ്പെഷൽ ഫീസായി പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. മേഴ്സി ചാൻസ് പരീക്ഷയ്ക്ക് നിലവിൽ ഫീസടച്ച വിദ്യാർഥികൾ വീണ്ടും ഫീസടയ്ക്കേണ്ടതില്ല. ഫീസടച്ച രസീത് അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ മതി.

(പി.ആർ.ഒ./39/1049/2019)

## അപേക്ഷ തീയതി

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (2013ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയ്ക്ക് പിഴയില്ലാതെ ജൂൺ 17 വരെയും 500 രൂപ പിഴയോടെ 19 വരെയും 1000 രൂപ സൂപ്പർഫൈനോടെ 24 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ അപേക്ഷാഫോമിന് 25 രൂപയും പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. 2009 അഡ്മിഷൻ വിദ്യാർഥികൾ 10000 രൂപയും 2010 അഡ്മിഷൻ വിദ്യാർഥികൾ 7000 രൂപയും 2011 അഡ്മിഷൻ വിദ്യാർഥികൾ 5000 രൂപയും സ്പെഷൽ ഫീസായി പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. ഒന്ന്, രണ്ട്, മൂന്ന്, നാല്, ആറ് സെമസ്റ്റർ

മേഴ്സി ചാൻസ് (സി.ബി.സി.എസ്.എസ്.) പരീക്ഷയ്ക്ക് സ്പെഷൽ ഫീസടച്ച വിദ്യാർഥികൾ വീണ്ടും ഫീസടയ്ക്കേണ്ടതില്ല. ഫീസടച്ച രസീത് അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ മതി. അപേക്ഷഫോം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും. epay.mgu.ac.in എന്ന വെബ്സൈറ്റ് വഴി ഫീസടയ്ക്കാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1050/2019)

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (2013ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയ്ക്ക് പിഴയില്ലാതെ ജൂൺ 17 വരെയും 500 രൂപ പിഴയോടെ 19 വരെയും 1000 രൂപ സൂപ്പർഫൈനോടെ 24 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ അപേക്ഷാഫോമിന് 25 രൂപയും പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. 2009 അഡ്മിഷൻ വിദ്യാർഥികൾ 10000 രൂപയും 2010 അഡ്മിഷൻ വിദ്യാർഥികൾ 7000 രൂപയും 2011 അഡ്മിഷൻ വിദ്യാർഥികൾ 5000 രൂപയും സ്പെഷൽ ഫീസായി പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. ഒന്ന്, രണ്ട്, നാല്, അഞ്ച്, ആറ് സെമസ്റ്റർ മേഴ്സി ചാൻസ് (സി.ബി.സി.എസ്.എസ്.) പരീക്ഷയ്ക്ക് സ്പെഷൽ ഫീസടച്ച വിദ്യാർഥികൾ വീണ്ടും ഫീസടയ്ക്കേണ്ടതില്ല. ഫീസടച്ച രസീത് അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ മതി. അപേക്ഷഫോം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും. epay.mgu.ac.in എന്ന വെബ്സൈറ്റ് വഴി ഫീസടയ്ക്കാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1051/2019)

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി.വോക് ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ (2016 അഡ്മിഷൻ റഗുലർ/2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) ഏപ്രിൽ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 18ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1052/2019)

നാലാം സെമസ്റ്റർ എം.എസ്‌സി. സുവോളജി (സി.എസ്.എസ്.-റഗുലർ/റീഅപ്പിയറൻസ്) മെയ് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ/പ്രൊജക്ട്/വൈവാവോസി ജൂൺ 17 മുതൽ ജൂലൈ അഞ്ചുവരെ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1053/2019)

നാലാം സെമസ്റ്റർ എം.എസ്‌സി. ബോട്ടണി (സി.എസ്.എസ്. റഗുലർ/റീഅപ്പിയറൻസ്) മെയ് 2019 പരീക്ഷയുടെ പ്രാക്ടിക്കൽ/പ്രൊജക്ട്/വൈവാവോസി ജൂൺ 18 മുതൽ 28 വരെ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1054/2019)

2019 മെയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.എ. ഭരതനാട്യം, മോഹിനിയാട്ടം (സി.ബി.സി.എസ്./ സി.ബി.സി.എസ്.എസ്. - റഗുലർ/ഇംപ്രൂവ്മെന്റ്/റീഅപ്പിയറൻസ്), നാലാം സെമസ്റ്റർ സി.ബി.സി.എസ്. (റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 18 മുതൽ 25 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1055/2019)

## വൈവാവോസി

നാലാം സെമസ്റ്റർ എം.എ. ഇസ്ലാമിക് ഹിസ്റ്ററി (പ്രൈവറ്റ് രജിസ്ട്രേഷൻ) മാർച്ച് 2019 പരീക്ഷയുടെ വൈവാവോസി ജൂൺ 13ന് എറണാകുളം മഹാരാജാസ് കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1056/2019)

2019 ഫെബ്രുവരിയിൽ നടന്ന നാലാം സെമസ്റ്റർ (പ്രൈവറ്റ്- റഗുലർ/സപ്ലിമെന്ററി) എം.എ. ഹിന്ദി പരീക്ഷയുടെ വൈവാവോസി ജൂൺ 17ന് രാവിലെ 11 മുതൽ സർവകലാശാല കാമ്പസിലെ സിൽവർ ജൂബിലി പരീക്ഷ ഭവനിലെ 201–ാം നമ്പർ മുറിയിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1057/2019)

നാലാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്-സി.എസ്.എസ്.) മെയ് 2019

പരീക്ഷയുടെ പ്രോജക്ട്/വൈവാവോസി ജൂൺ 17ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1058/2019)

## എം.എ. ഹിസ്റ്ററി ആന്റ് ആന്ത്രോപോളജി; ഇന്റർവ്യൂ ജൂൺ 13ന്

മഹാത്മാ ഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് സോഷ്യൽ സയൻസസിലെ എം.എ. ഹിസ്റ്ററി ആന്റ് ആന്ത്രോപോളജി (ക്യാറ്റ് എം.ജി.യു. 2019-20) പ്രോഗ്രാമുകളിലേക്കുള്ള ഇന്റർവ്യൂ ജൂൺ 13ന് രാവിലെ 10.30ന് പഠനവകുപ്പിൽ നടക്കും. പങ്കെടുക്കേണ്ടവർ അസൽ രേഖകളുമായി രാവിലെ 10ന് സ്‌കൂൾ ഓഫ് സോഷ്യൽ സയൻസസ് ഓഫീസിൽ എത്തണം. ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടവരുടെ പട്ടിക സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും. വിശദവിവരത്തിന് ഫോൺ: 0481-2392383.

(പി.ആർ.ഒ./39/1059/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ